STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.479/PR/SPMC/PHQ/2021 Date:26.10.2021

**കോവിഡ് ബാധിച്ചുമരിച്ച നാല് പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബത്തിന് മാൻകൈൻഡ് ഫാർമയുടെ വക മൂന്ന് ലക്ഷം രൂപവീതം**

ഇക്കൊല്ലം കോവിഡ് ബാധിച്ച് മരണമടഞ്ഞ നാല് പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബത്തിന് മാൻകൈൻഡ് ഫാർമ എന്ന ഫാർമസ്യൂട്ടിക്കൽ സ്ഥാപനം മൂന്ന് ലക്ഷം രൂപ വീതം സഹായധനം പ്രഖ്യാപിച്ചു.

കോവിഡ് ബാധിച്ച് മരണമടഞ്ഞ വർക്കല പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ സാജൻ, അയിരൂർ പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ റഹീം എന്നിവരുടെ കുടുംബാംഗങ്ങൾ പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ധനസഹായം ഏറ്റുവാങ്ങി. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തും മാൻകൈൻഡ് ഫാർമ ഡെപ്യൂട്ടി സോണൽ മാനേജർ മധു കോറത്ത്, ഡെപ്യൂട്ടി റീജിയണൽ മാനേജർ കെ.സജിത്ത് ശങ്കർ എന്നിവരും ചേർന്നാണ് കുടുംബാംഗങ്ങൾക്ക് തുക കൈമാറിയത്.

ഇക്കൊല്ലം കോവിഡ് ബാധിച്ചു മരണമടഞ്ഞ കാസർകോട് ജില്ലാ ആസ്ഥാനത്തെ എ.എസ്.ഐ വസന്തകുമാർ, പാലക്കാട് എ.ആർ ക്യാമ്പിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ നാഗരാജൻ എന്നിവരുടെ കുടുംബാംഗങ്ങൾക്ക് അതത് ജില്ലകളിൽ തുക കൈമാറും.

കോവിഡിനെതിരെയുള്ള പോരാട്ടത്തിൽ മരണമടഞ്ഞ പോലീസ് ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് സാമ്പത്തികസഹായം ലഭ്യമാക്കിയ മാൻകൈൻഡ് ഫാർമ അധികൃതർക്ക് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് നന്ദി അറിയിച്ചു. എ.ഡി.ജി.പി മനോജ് എബ്രഹാം, വിവിധ പോലീസ് അസോസിയേഷൻ ഭാരവാഹികളായ ഇ.എസ് ബിജുമോൻ, ആർ.പ്രശാന്ത്, കെ.പി.പ്രവീൺ, സുധീർഖാൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ

1. കോവിഡ് ബാധിച്ചു മരിച്ച വർക്കല പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ സാജന്റെ കുടുംബാംഗങ്ങൾ സഹായധനം ഏറ്റുവാങ്ങുന്നു.

2. കോവിഡ് ബാധിച്ചു മരിച്ച അയിരൂർ പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ റഹീമിന്റെ കുടുംബാംഗങ്ങൾ സഹായധനം ഏറ്റുവാങ്ങുന്നു.

************************